പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3318 — 10.12.2018-ൽ മറുപടിക്ക്

## നെൽവയൽ സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ സംരക്ഷണ നിയമത്തിന്റെ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഇല്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നികത്തിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള നിബന്ധനകൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 (എ)-യിലെ വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ചട്ടത്തിൽ എത്ര സെന്റ് വരെ വയൽ നികത്താനാണ് അനുവാദം നൽകിയിരിക്കുന്നത്? | (സി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വിസ്തൃതിയ്ക്കനുസൃതമായി നിശ്ചിത ഫീസടച്ച് ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയാണ് ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ